# കൈത്താക്കാലം

## വചന വിചിന്തനം

### അഞ്ചാം ഞായർ

### ലൂക്കാ 16,19-31

**"കണ്ണിൽ കണ്ട നന്മ ചെയ്യാത്തതിന്റെ പേരിൽ സ്വർഗ്ഗം നഷ്ടപ്പെടുത്തിയ ധനവാൻ!"**

നാട്ടിൽ അറിയപ്പെടുന്ന വ്യക്തിയാണ് തോമാചേട്ടൻ. സമ്പത്തിന്റെ ധാരാളിത്തം കൊണ്ട് സമൂഹത്തിൽ അറിയപ്പെടുന്ന പേരും പെരുമയും സ്വന്തമാക്കിയ വ്യക്തിത്വം. പഠിപ്പുണ്ട് വിവരമുണ്ട് സമ്പത്തുണ്ട് സൗന്ദര്യമുണ്ട് തറവാടിത്തവുമുണ്ട്. തോമാചേട്ടന്റെ അവസാനനാൾ വളരെ അനുഗ്രഹപ്രദമായിരുന്നു. മക്കളൊക്കെ പഠിച്ച് വലുതായതുകൊണ്ടും സമ്പത്തിന്റെയും തറവാടിത്തത്തിന്റെയും പേരും പെരുമയും ഉള്ളതുകൊണ്ട് മരണകിടക്കയിൽ നോക്കാനും ശുശ്രൂഷിക്കാനും ധാരാളം പേരുണ്ട്. അവസാനം തോമാചേട്ടൻ മരിച്ചു. നാട്ടിലെ മെത്രാനച്ചന്റെയും അറിയപ്പെടുന്ന അച്ചൻമാരുടെയും സിസ്റ്റേഷ്സിന്റെയും അത്മായരുടെയും സാന്നിധ്യത്തിൽ നാട് ഇന്ന് വരെ കണ്ടിട്ടില്ലാത്ത സംസ്ക്കാര ചടങ്ങും നിർവഹിച്ചു.

തെറ്റു ചെയ്യാത്തവരും ശിക്ഷിക്കപ്പെടും! "ധനവാനും ലാസറും" എന്ന ഉപമ പങ്കുവയ്ക്കുന്ന വലിയ ചിന്തയാണിത്. പക്ഷേ, കണ്ണിൽ കാണുന്ന നന്മ ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്നുള്ള ഉറപ്പും വചനം സമ്മാനിക്കുന്നു.

തോമാചേട്ടൻ അവസാനം പരലോകത്ത് സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ശുദ്ധീകരണ സ്ഥലത്തിന്റെയും മുന്നിലെത്തി. രണ്ടാമതൊന്ന് തോമാചേട്ടൻ ആലോചിച്ചില്ല, സ്വർഗ്ഗം എനിക്ക് സ്വന്തം. സ്വർഗ്ഗം എനിക്ക് കിട്ടിയില്ലെങ്കിൽ പിന്നെ ആർക്കാ അത് ലഭിക്കുക? വളരെ ആഘോഷമായി സ്വർഗ്ഗത്തിലേയ്ക്ക് കാലെടുത്ത് കുത്താൻ തോമാചേട്ടൻ തുനിച്ചപ്പോൾ അതാ പത്രോസ്ചേട്ടൻ അതാ വഴിമുടക്കിയായ് നിൽക്കുന്നു. പത്രോസ് ചേട്ടൻ തോമാച്ചേട്ടനോട് ചോദിച്ചു,

"അല്ലാ, എവിടെയ്ക്കാണ് തിടുക്കത്തിൽ പോകുന്നത്. സ്വർഗ്ഗത്തിലേയ്ക്കാണെങ്കിൽ ചില നന്മകൾ ചെയ്യണമെന്നറിയില്ലേ?"

തോമാചേട്ടൻ തിരിച്ച് ചോദിച്ചു, "സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ എനിക്ക് യോഗ്യതയുണ്ട്. ജീവിച്ചിരുന്നപ്പോൾ ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. അതിനുള്ള ഏറ്റവും നല്ല തെളിവാണ് ഞാൻ മരിച്ചപ്പോൾ ധാരാളം പേർ എന്റെ സംസ്ക്കാരകർമ്മത്തിൽ പങ്കെടുത്തതും, മെത്രാനച്ചനും മറ്റ് അച്ചൻമാരും സിസ്റ്റേഴ്സും ധാരാളം അത്മായരും എനിക്കുവേണ്ടി പ്രാർത്ഥിച്ചതും. എന്നിട്ടും, സ്വർഗ്ഗം എനിക്ക് മുമ്പിൽ അടയ്ക്കാൻ പാകത്തിന് ഞാൻ എന്ത് തെറ്റ്, പാപമാണ് ചെയ്തിരിക്കുന്നത്?"

പത്രോസ്ചേട്ടൻ തിരിച്ച് പറഞ്ഞു, "തോമാചേട്ടൻ മരിച്ചപ്പോൾ മെത്രാനച്ചനും മറ്റ് അച്ചൻമാരും സിസ്റ്റേഴ്സും ധാരാളം അത്മായരും പങ്കെടുത്ത് പ്രാർത്ഥിച്ച് അയച്ചത് ധാരാളം നന്മ ചെയ്തിട്ടല്ല. മറിച്ച്, ജീവിച്ചിരുന്നപ്പോൾ പേരും പത്രാസും കാണിക്കുന്നതിന് വേണ്ടി മെത്രാനെയും അച്ചൻമാരെയും സിസ്റ്റേഴ്സിനെയും രാഷ്ട്രീയക്കാരെയും വിളിച്ച് കൂട്ടി ധാരാളം പരിപാടികൾ നടത്തിയിരുന്നില്ലെ? അവർ അതിന്റെ പേരിൽ ധാരാളം തിന്നു കൂട്ടിയിട്ടില്ലെ? അവർ അതിന്റെ ഉത്തിരിപ്പുകടം വീട്ടിയതാണ്. പിന്നെ, സ്വർഗ്ഗത്തിൽ പോകാൻ <u>തിന്മ ചെയ്യാതിരിക്കുക</u> എന്നതല്ല മാനദണ്ഡം. മറിച്ച്, <u>നന്മ ചെയ്യുക</u> എന്നതാണ്. തോമാചേട്ടൻ സ്വർഗ്ഗത്തിൽ പോകാൻ പാകത്തിന് എന്ത് നന്മയാണ് ചെയ്തിരിക്കുന്നത്?"

പത്രോസിന്റെ ചോദ്യം തോമാചേട്ടന്റെ ഹൃദയത്തിൽ പതിച്ചത് കൊള്ളിയാൻ പോലെയായിരുന്നു. തോമാചേട്ടൻ കൂട്ടിയും കുറച്ചും നോക്കിയിട്ടും ഒരു നന്മപോലും പത്രോസിന് മുമ്പിൽ സ്വർഗ്ഗത്തിൽ പോകാൻ എടുത്ത് കാണിക്കാൻ ഉണ്ടായില്ല. കഥയുടെ ക്ലൈമാക്സ് ഇപ്രകാരവും, "സ്വർഗ്ഗത്തിന്റെ വാതിൽ തോമാചേട്ടന് മുമ്പിൽ എന്നെ

ന്നെക്കുമായി കൊട്ടിയടക്കപ്പെട്ടു!"

"ധനവാനും ലാസറും" എന്ന ഉപമയിലെ കഥാപാത്രം, ധനവാനും തോമാചേട്ടനും തമ്മിൽ വലിയ അന്തരമൊന്നുമില്ല. രണ്ട് പേരും ചെയ്തത് ഒന്നു തന്നെയാണ്, "ഭൂമിയിൽ ജീവിച്ചപ്പോൾ കണ്ണിൽ കണ്ട നന്മ ചെയ്യാൻ മറന്നുപോയി" എന്നതു മാത്രം. പടിവാതിൽക്കൽ കിടന്ന ലാസറിനെ കാണാതെ പോയി എന്നതാണ് ധനവാനുമുമ്പിൽ സ്വർഗ്ഗം കൊട്ടിയടക്കപ്പെടാനുള്ള കാരണം. പടിവാതിൽക്കൽ കിടന്ന ലാസറിനെ കാണാതെ പോയതുകൊണ്ട് ധനവാൻ തന്റെ ആത്മരക്ഷ അപകടപ്പെടുത്തുകയാണ്. സഹോദരനെ ശ്രദ്ധിക്കാതെ കടന്നുപോയവൻ നരകത്തിലേയ്ക്ക് ഘോഷയാത്ര നടത്തി. ഈ ഘോഷയാത്രയുടെ വരികളിലേയ്ക്കൊന്നു സൂക്ഷിച്ച് നോക്കിയാൽ നമ്മുടെ രൂപങ്ങളും കാണാൻ സാധിക്കും. വഴിയിൽ മുറിവേറ്റ് കിടന്ന ചെറുപ്പക്കാരനെ ശ്രദ്ധിക്കാതെ കടന്നുപോയ ദേവാലയ ശുശ്രൂഷിയായ ലേവായനും പുരോഹിതനും ഈ വരികൾക്കിടയിൽ ഒളിഞ്ഞിരിക്കുന്നുണ്ടെങ്കിൽ ഈ വരിയുടെ മുൻപന്തിയിൽ തന്നെ നമ്മുടെയും സ്ഥാനം കാണാം.

ആത്മീയത

പ്രാർത്ഥനയുടെ നീളമോ

ഉപവാസത്തിന്റെ

കൃത്യതയോ അല്ല.

മറിച്ച്,

കരുണയുടെ

പ്രായോഗികതയാണ്.

ധനവാന് മുമ്പിൽ നല്ല സമരിയാക്കാരനായി ജീവിച്ച് സ്വർഗ്ഗം സ്വന്തമാക്കാനുള്ള അവസരവും സാധ്യതയും ദൈവം സമ്മാനിച്ചു. പക്ഷെ, അത് തിരിച്ചറിയാനോ ജീവിതത്തെ ക്രമീകരിക്കാനോ ധനവാന് സാധിച്ചില്ല എന്നുള്ളതാണ് ധനവാന്റെ പരാജയം. 1840 ൽ ജനിച്ച് 1864 ൽ പുരോഹിതനായ ഡാമിയൻ കുഷ്ഠരോഗികളെ പുനരധിവസിപ്പിക്കുന്ന മൊളോക്കോയ് ദ്വീപിലേയ്ക്ക് പോയത് 1873 മെയ് 10 നാണ്. അപ്പോൾ ഡാമിയൻ എന്ന യുവപുരോഹിതന്റെ വയസ് 33 മാത്രം. "ജീവിക്കുന്ന ശവപ്പറമ്പായിരുന്നു" മൊളോക്കോയ് ദ്വീപ്. പത്തൊൻപതാം നൂറ്റാണ്ടിൽ ലോകം കണ്ടിട്ടുള്ളതിൽ വച്ചുള്ള ഏറ്റവും മാരകമായ അസുഖമായിരുന്നു കുഷ്ഠംരോഗം. മരുന്നില്ല...പ്രതിവിധികളില്ല... ചെറുത്തുനിൽക്കാന് എളുപ്പവുമല്ല...പെട്ടന്ന് പകരുകയും ചെയ്യും. അവസാനം, രാഷ്ട്രം കണ്ടെത്തിയ മാർഗ്ഗമായിരുന്നു കുഷ്ഠരോഗം വരുന്നരെയോ, സംശയിക്കുന്നരെയോ മൊളോക്കോയ് ദ്വീപിലേയ്ക്ക് നാടുകടത്തുക എന്നത്. പ്രത്യേകിച്ച്, ഹവായ് ദ്വീപുകളിൽ കുഷ്ഠരോഗം പടർന്നു പിടിച്ചപ്പോൾ രോഗബാധ ചെറുക്കാൻ ലക്ഷകണക്കിന് ആളുകളെ മൊളോക്കോയ് ദ്വീപിലേയ്ക്ക് നാടുകടത്തപ്പെട്ടു. നൂറുകണക്കിന് ആളുകൾ.... മരണം കാത്ത് കിടക്കുന്ന രോഗികൾ.... സഹായിക്കാൻ ഒരു ചെറുവിരൽ പോലും അനക്കാൻ സാധിക്കാതെ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട വ്യക്തികൾ.... നരകതുല്ല്യമായ ജീവിതം... ഇത്രയും മതിയായിരുന്നു മൊളോക്കോയ് ദ്വീപിനെ "ജീവിക്കുന്ന ശവപ്പറമ്പ്" എന്ന് വിളിക്കാൻ.

ഈ ജീവിത സാഹചര്യങ്ങളിലാണ് "ജീവിക്കുന്ന ശവപ്പറമ്പായ" മൊളോക്കോയ് ദ്വീപിനെ "ജീവൻ തുടിക്കുന്ന" ഇടമാക്കി മാറ്റാൻ ആത്മാവിന്റെ അഭിഷേകവുംപേറിക്കൊണ്ട് ഫാ. ഡാമിയൻ മൊളോക്കോയിൽ കാലു കുത്തുന്നത്. ഡാമിയൻ കുഷ്ഠരോഗികൾക്ക് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വച്ചു. അവരെ സ്നേഹിച്ചു... ശുശ്രൂഷിച്ചു... അവസാനം, 1884 ലെ ഒരു പ്രഭാതത്തിൽ തന്റെ മക്കളെ അഭിസംബോധന ചെയ്ത ഫാ. ഡാമിയൻ അരംഭിച്ചത് ഇപ്രകാരം, "നമ്മൾ കുഷ്ഠരോഗികൾ....." കണ്ണിൽ കണ്ട നന്മ ചെയ്യാനായ് ജീവിതം ഉഴിഞ്ഞ് വച്ച ഫാ. ഡാമിയൻ ദൈവം സമ്മാനിച്ച സഹനങ്ങളെപ്പോലും ദൈവീക ചൈതന്യത്തോടെ നോക്കികാണുന്നു! 1884 ൽ കുഷ്ഠരോഗബാധിതനായ അ നല്ല സമരിയാക്കാരൻ അബ്രാഹത്തിന്റെ മടിയിലേയ്ക്ക് 1889 ഏപ്രിൽ 15 ന് എടുക്കപ്പെട്ടു.

ഫാ. ഡാമിയന്റെ മുമ്പിലും ഒരുപാട് സാധ്യതകൾ ഉണ്ടായിരുന്നു. വേണമെങ്കിൽ ധനവാനെപ്പോലെ തന്റെ സുഖവും സന്തോഷവും മാത്രം നോക്കി ജീവിക്കാമായിരുന്നു. പക്ഷെ, ഡാമിയൻ ചെയ്തത് അതല്ല. സഹോദരങ്ങളെ മറന്ന് ജീവിച്ചാൽ അതിന് വലിയ വില കൊടുക്കേണ്ടി വരും എന്നുള്ള വലിയ തിരിച്ചറിവ് സ്വന്തമാക്കാൻ ഫാ. ഡാമിയന് സാധിച്ചപ്പോൾ ആഢംബരത്തോടും ആഘോഷത്തോടും വിടപറഞ്ഞ് സ്വർഗ്ഗം നഷ്ടമാക്കാതെ അവഗണനയും ദുരിതവും അനുഭവിക്കുന്നവരോട് കൂട്ട് ചേർന്നു. ഫലമോ,

അബ്രാഹത്തിന്റെ മടിയിൽ സ്ഥാനവും.

ചെമന്ന പട്ടും മൃദുല വസ്ത്രങ്ങളും രാജകീയ വേഷവിധാനത്തെയാണ് കാണിക്കുന്നത്. കോടികളുടെ വിലയുളള കാറുകളിൽ സംഞ്ചരിക്കുന്നവർ സിഗ്നൽ കാത്തു കിടക്കുമ്പോൾ അരച്ചാൺ വയറിന് വേണ്ടി കൈനീട്ടുമ്പോൾ അവർക്കു നേരെ കാറിന്റെ ചില്ല് ഉയർന്ന് തന്നെയാണോ കിടക്കുന്നത് എന്നു നോക്കുമ്പോൾ ഞാനും ധനവാനോടൊപ്പം ഘോഷയാത്ര നടത്തുകയാണ് നരകത്തിലേയ്ക്ക്.

ക്രിസ്തു പറഞ്ഞ ഉപമയിൽ ഒരേ ഒരു കഥാപാത്രത്തിനുമാത്രമെ അവിടുന്ന് പേരിട്ടിട്ടൊളളു. അദ്ദേഹത്തിന്റെ പേരാണ് "ലാസർ." ലാസർ എന്ന പേരിന്റെ അർത്ഥം "ദൈവം രക്ഷിക്കുന്നു" എന്നാണ്. ദൈവം മാത്രം തുണയുണ്ടായിരുന്നു ദരിദ്രനായിരുന്നു ലാസർ. പക്ഷെ, ദൈവം തുണയുണ്ടായിരുന്നതുകൊണ്ടു മാത്രം അബ്രാഹത്തിന്റെ മടിയിൽ സ്ഥാനം ഉറപ്പിച്ച വ്യക്തി കൂടിയായിരുന്നു ലാസർ. എളിയവനെ പനപോലെ ഉയർത്തുന്ന മാന്ത്രിക ദണ്ഡുളളവനാണ് ദൈവം. ദൈവത്തിന്റെ മാന്ത്രിക സ്പർശനം ലാസറിനെ അബ്രാഹത്തിന്റെ മടിയിലെത്തിച്ചു.

ധനവാൻ അബ്രാഹത്തെ "പിതാവെ" എന്നും, തിരിച്ച്, അബ്രാഹം ധനവാനെ "മകനെ" എന്നും അഭിസംബോധന ചെയ്യുന്നു. യഹൂദ പാരമ്പര്യമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് മാത്രമാണ് അബ്രാഹത്തെ "പിതാവെ" എന്ന് വിളിക്കാനുളള അവകാശം ഉളളത്. പക്ഷെ, "ധനവാനും ലാസറും" എന്ന ഉപമയിലൂടെ കർത്താവ് കാണിച്ച് തരുന്നതോ, "തിരഞ്ഞെടുക്കപ്പെട്ടു എന്നതിന്റെ പേരിൽ രക്ഷ സാധ്യമല്ല എന്നും രക്ഷ സ്വന്തമാക്കാൻ നന്മചെയ്യണം" എന്നുളളതുമാണ്.

*സ്വർഗ്ഗം സ്വന്തമാക്കാനുള്ള വിധിയുടെ മാനദണ്ഡം സ്നേഹവും കരുണയുമാണ്!*

"നമ്മളൊക്കെ വിശ്വാസികളാണ്. പക്ഷെ, വിശ്വാസികളെല്ലാം രക്ഷിക്കപ്പെടണമെന്നില്ല്. മറിച്ച്, വിശ്വാസം ജീവിക്കുന്നവർ മാത്രമാണ് രക്ഷിക്കപ്പെടുക!" പങ്കുവയ്ക്കാത്ത സമ്പത്ത്, പണം, ഭൗതീകത, സമയം, സാഹചര്യം, സ്നേഹം, ക്ഷമ, കാരുണ്യം, വിനയം.... ഇവയൊക്കെ എനിക്കുണ്ടെങ്കിൽ, ഒരുപക്ഷെ, വിശ്വാസിയായിരിക്കാം... പക്ഷെ, വിശ്വാസം ജീവിക്കാൻ മറന്ന് പോകുന്നവരാണ് നാം. സ്വന്തം മകളെ 101 പവനും ബെൻസ് കാറും കൊടുത്ത് കെട്ടിക്കുമ്പോൾ അടുത്ത വീട്ടിൽ കെട്ടുതാലി വാങ്ങാൻ പണമില്ലാത്തതിന്റെ പേരിൽ പുരനിറഞ്ഞ് നിൽക്കുന്ന പെൺകുട്ടിയെ കാണാതെ പോകുന്നുണ്ടെങ്കിൽ ഒരു പക്ഷെ നാം വിശ്വാസിയായിരിക്കാം. പക്ഷെ, വിശ്വാസം ജീവിക്കുന്നില്ല. ഫലമോ, സ്വർഗ്ഗവാതിൽ നമ്മുക്ക് മുമ്പിൽ കൊട്ടിയടയ്ക്കപ്പെടുന്നു.

"ധനവാനായിരിക്കുന്നത് പാപമല്ല. ഒപ്പം, ദരിദ്രനായിരിക്കുന്നത് പുണ്യവുമല്ല!" ധനവാനായ മനുഷ്യൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാതിരുന്നത് എന്തെങ്കിലും തിൻമ പ്രവർത്തിച്ചതു കൊണ്ടല്ല. മറിച്ച്, കണ്ണിൽ കണ്ട നന്മ ചെയ്യാൻ മറന്നു പോയതു കൊണ്ടാണ്. ദരിദ്രനായ ലാസർ സ്വർഗ്ഗം സ്വന്തമാക്കിയത് എന്തെങ്കിലും നന്മ പ്രവർത്തിച്ചതു കൊണ്ടല്ല. മറിച്ച്, തന്റെ സങ്കടങ്ങളുടെ നെരിപ്പോടിൽ ഒരിക്കൽ പോലും ദൈവത്തോടൊ സഹോദരങ്ങളോടൊ പരാതി പറയാതെ ജീവിച്ചതുകൊണ്ടാണ്. ശരീരത്തെയും വയറിനെയും മാത്രം ചിന്തിച്ച മനുഷ്യനാണ് ധനവാൻ. അതുകൊണ്ട് മാത്രമാണ് ധനവാന്റെയും വസ്ത്രധാരണത്തെയും ഭോജനത്തെയും കുറിച്ച് കൃത്യമായ അറിവ് സുവിശേഷകൻ സമ്മാനിക്കുന്നത്. സഹോദരനെയും ദൈവത്തെയും മറന്ന് ജീവിച്ചവനെ ദൈവവും മറന്നു. അതുകൊണ്ടായിരിക്കാം, ഉപമയിൽ ലസറിന്റെ പേര് കൃത്യതയോട് കൂടി ക്രിസ്തു അവതരിപ്പിക്കുമ്പോൾ ധനവാന്റെ പേര് ധനവാൻ എന്ന് പറഞ്ഞ് ക്രിസ്തു ചുരുക്കുന്നത്!

***"ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം, ഒട്ടകം സൂചികുഴയിലൂടെ പ്രവേശിക്കുന്നതാണ്."***



.............................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931